# GVHSS OMANOOR

# NEW WAVES



LITTLE KITES MAGAZINE 2023-24

# ആശംസ

ജി.വി.എച്ച്.എസ്.എസ്.ഓ മാന്നൂർ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് ഈ വർഷം പുറത്തിറക്കുന്ന NEW WAVES എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

ലത പി
എച്ച് എം
ജി . വി.എച്ച്. എസ്.എസ്
ഓമാന്നൂർ

ജി.വി.എച്ച്.എസ്.എസ്.ഓമാന്നൂരിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൻ്റെ ആഭിമുഖ്യത്തിൽ ഈ വർഷം പുറത്തിറക്കുന്ന NEW WAVES എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

അഡ്വ: പി കെ ശിഹാബുദ്ധീൻ
പി.ടി.എ.പ്രസിഡൻ്റ്

# എഡിറ്റോറിയൽ

നമ്മുടെ NEW WAVES പുറത്തിറങ്ങുകയാണ്. ഏകദേശം ഒരു മാസത്തോളം നീണ്ടു നിന്ന അധ്വാനത്തിൻ്റെ ഫലമാണിത്. തീർത്തും പുതിയ ആപ്ലിക്കേഷൻ, സങ്കേതങ്ങൾ ഒരു വെല്ലുവിളിയായിരുന്നു. പുതുമയുടെ പ്രശ്നങ്ങളും പോരായ്മകളും ധാരാളമുണ്ട്. ഇവയെല്ലാം മറന്നു കൊണ്ട് ഈ മാഗസിനെ നിങ്ങൾ രണ്ടു കൈയ്യും നീട്ടി സ്വീകരിക്കുമെന്ന പ്രതീക്ഷയോടെ,

എഡിറ്റോറിയൽ ബോർഡ്

# ഉള്ളടക്കം


ADIEU

Knowledge Bottomless Ocean

എൻെറ വിദ്യാലയം

മഴയിൽ നനഞ്ഞ കുട്ടി

മുയലും സിംഹവും

പരസ്പര കലഹം

പ്രളയദുരിതം

അമ്മ

കണ്ടോലെ മാങ്ങ

കർഷകൻ

അമ്മയുടെ വാക്ക്

ആലപ്പുഴയിൽ നിന്ന് കന്യാകുമാരിയിലേക്ക്

വൃക്കയാണെൻ സമ്മാനം

ശാപത്തിൻെറ മകൾ

The Greedy Friends

Tougue Twister

The Hiyiyans

# A D I E U

*Just few days left !*
*It's time for us to leave*
*To create memories.*
*The walls stood silent witness-*
*To anything and everything.*
*The benches and desks*
*That have taken our*
*Artist tastes must have called*
*Us 'bad' at least once*
*Free periods were spent*
*Laughing, playing, thinking and*
*Making fun each other !*
*As this school year end's*
*One question is remaining.....!*
*What have you achieved in these day's ?*

*The answer is,............*
*A lot of friendship, more happiness*
*A little sadness, knowing who am I,*
*What's good and bad, and a lot Knowledge*
*and dear TEACHERS...!*

*Avanthika. KP,*


*10B*



# *KNOWLEDGE; BOTTOMLESS OCEAN*

*Knowledge is like a bottomless ocean. The more you dive deep into it, the deeper it will appears to you thus., there are no limits in the world of knowledge. When you desire knowledge . You thirst for riches unknown. Once you taste the nectar of knowledge. You can't restrain your desire for it. You only get the desire to gain more wisdom and acquire more knowledge. The ocean of knowledge gives us fear less. More over our vision becomes clear through it. Also when you get the knowledge of various things, you can work the betterment of the world. Knowledge gives birth to invention and discoveries. Knowledge is a treasure that cannot be bought. You gain it and you earn it with your hard work. There for, the realm gem is that of knowledge that will makes you a successful person in all, knowledge allows people to flourish in life.*

*FATHIMA SHAHNA MP*
*10B*



# എൻെറ വിദ്യാലയം

ആദ്യമായ് കണ്ടു ഞാനെൻ കൊച്ചു വിദ്യാലയം
കുട്ടിപ്പടയുടെ ആലയം
കളിച്ചും ചിരിച്ചും നടക്കുമാ കുട്ടികൾ
പഠിച്ചീടുമെൻ പ്രിയ വിദ്യാലയം
കുഞ്ഞു പൈതലിൻ കുസൃതിയില്ലൂടെ
വിദ്യ നൽകും അധ്യാപകർ
ജീവിതത്തിൽ ലക്ഷ്യം കണ്ടെത്തുവാനായി
പാത തെളിക്കുമെൻ അധ്യാപകർ
കാലം കഴിഞ്ഞിട്ടും ജീവിതം മാറിയിട്ടും
കൺമറയുവാനാവില്ലെൻ വിദ്യാലയം
മറക്കുവാനാവില്ലെൻ
വിദ്യാലയം
പഠനത്തിൽ കലവറയാം
ഈ ആലയം

MUHAMMEDSINAN K
10 D



# മഴയിൽ നനഞ്ഞ കുട്ടി

ഒരു ദിവസം ഒരു കുട്ടി റോഡിലൂടെ പോവുകയായിരുന്നു. ആ ദിവസമാകട്ടെ നല്ല മഴയുള്ള ദിവസമായിരുന്നു. വഴിയിൽ ഒരു കുട്ടി മഴയിൽ കളിക്കുന്നത് ഇവൻ കണ്ടു. അവനും മഴയിൽ കളിക്കാൻ ഒരു ആഗ്രഹം തോന്നി. എന്നാൽ അവന് പേടിയായിരുന്നു. കാരണം അവൻ്റെ അമ്മ വഴക്കുപറയും. ഇനി എങ്ങാനും മഴയത്ത് പോയി കളിച്ച് പനി പിടിച്ചാൽ പിന്നെ വീട്ടിൽ കയറേണ്ടി വരില്ല. എങ്കിലും അവന് ആഗ്രഹം അടക്കാനായില്ല. അവനും ആ കുട്ടിയോടൊപ്പം ചേർന്ന് കളിക്കാൻ തുടങ്ങി. സമയം പോയത് അറിഞ്ഞില്ല. മഴ തോർന്നു ,കളി അവസാനിച്ചു. അവന് അപ്പോഴാണ് ബോധം വന്നത്.ഈ കോലത്തിൽ എങ്ങനെ വീട്ടിൽ കയറും എന്നാലോചിച്ച് പേടി തോന്നി. അവനുടനെ ഒരു ക്രൂട്ടുകാരൻ്റെ വീട്ടിൽ ചെന്ന് തലയൊക്കെ തോർത്തി, പതുക്കെ വീട്ടിലെത്തി. ഉള്ളിൽ നല്ല ഭയം ഉണ്ടായിരുന്നു.അമ്മ ചോദിച്ചു, എവിടെയായിരുന്നു ഇത്ര സമയം? അവൻ പറഞ്ഞു, ഞാൻ എൻ്റെ ഫ്രണ്ടിൻ്റെ വീട്ടിൽ പോയതായിരുന്നു. അമ്മയ്ക്ക് അവനെ കണ്ടപ്പോൾത്തന്നെ ഒരു കള്ള ലക്ഷണം തോന്നി. അവൻ കുറേ മറച്ചു വെയ്ക്കാൻ നോക്കിയെങ്കിലും അമ്മയ്ക്ക് അവൻ മഴയത്തുകളിച്ചു എന്ന് മനസിലായി.അവന് പേടി തോന്നി. പക്ഷേ അമ്മ അവനെ ഒന്നും പറഞ്ഞില്ല. അവന് ആശ്വാസമായി.

MUHAMMED FAYYAS U K
10 C



# മുയലും സിംഹവും

പണ്ട് പണ്ടൊരു കാട്ടിൽ ഒരു മുയലും നാലു മക്കളും ജീവിച്ചിരുന്നു.അവർ അവിടെ സുഖമായി കഴിയുകയായിരുന്നു.അവിടത്തെ രാജാവ് സിംഹത്തിന് പ്രായമായിരുന്നു. അതുകൊണ്ട് രാജാവിന് ഇര തേടാൻ കഴിയുന്നുണ്ടായിരുന്നില്ലാ.അപ്പോൾ സിംഹം ഒരു നിയമം പാസാക്കി.എല്ലാ ദിവസവും ഒരോ മൃഗം സിംഹത്തിന്റെ ഭക്ഷണമാകാൻ വരണം.അങ്ങനെ ആ നിയമം നടപ്പിലായി.ഒരോ മൃഗങ്ങളായി സിംഹത്തിന് ഇരയായി.അങ്ങനെ ആ നിയമം പാവം മുയലമ്മയുടെ മുന്നിലെത്തി.മക്കളെ വിട്ട് പോകാൻ സങ്കടമായി.മുയലമ്മ സിംഹ രാജാവിനോട് പറഞ്ഞു.'എനിക്ക് എന്റെ മക്കളെ പിരിയുന്നതിൽ വിഷമമുണ്ട്,എന്റെ മക്കളെ താങ്കൾ ഭക്ഷിക്കരുത്,എന്നെ ഭക്ഷിച്ചോളു'.ഇതു കേട്ട് സിംഹത്തിന്
സങ്കടമായി .ഒരമ്മയുടെ സ്നേഹം സിംഹത്തിന് മനസിലായി. സിംഹം അവളെയും മക്കളെയും ഭക്ഷിച്ചില്ലാ,അവളെ സിംഹത്തം വറുതെ വിട്ടു. സിംഹത്തിന് തന്നോട് തന്നെ ഇഷ്ടകെട് തോന്നി.

SABIK

9D



# *THE GREEDY FRIENDS*

*Once upon a time. There lived three friends in a village. they were poor. They decided to go to the city to earn money. When they were walking through the forest. They found a bed of money they decided to divide the money equally among them. They had been walking for a long time so they were tired and hungry. They decided to have food one of them went to a neighbouring village to buy food .Other two stayed in the forest . After buying food he thought to kill his two friends by putting the poison on food. On the other hand other two friends decided to kill his friend as soon as he come back after that they wanted to divide the between two . When he reached to his friends taking poison food . They immediately murdered him and ate that food happily. Soon they also died because of that poisoned food.*

*The bag of money left unclaimed.*

*ASWANI. KP*

*10B*



# *TONGUE TWISTER*

*The Great Greek Grape Growers Grow Great Greek Grapes*

*Near a Ear , a Nearer Ear , a Nearly Eerie Ear*

*Six Sick Hicks Nick Six Slick Bricks with Picks and Sticks*

*Fresh French Fried Fly Fritters*

*I Scream , You Scream we all Scream for Ice Cream*

*Four Furious Friends Fought For the Phone*

*Red Lorry , Yellow Lorry ,Red Lorry , Yellow Lorry*

*Double Bubble Gum, Bubble Double*

*Kitty Caught the Kitten in the Kitchen*

*Give Papa a Cup of Proper Coffee in a Copper Coffee Cup*

*ARCHANA RAJ.A*

*10B*

# പരസ്പര കലഹം

ഒരു ദിവസം മോനു റോഡിലൂടെ പോകുമ്പോൾ  അവൻ ഒരു ഭയങ്കരമായ കാഴ്ച കണ്ട് അമ്പരന്നു നിന്നു.അവൻ കണ്ടത് നായയെ ആയിരുന്നു. അവൻ അതിനെ കണ്ടതും ഭയന്ന് നിന്നു എന്ത് ചെയ്യണം എന്ന് അവൻ അറിയില്ല.ഓടിയാൽ നായ വെയിത്താലെ കൂടും എന്ന് അവൻ അറിയാമായിരുന്നു.അങ്ങനെ പേടിച്ച് നിൽക്കുമ്പോൾ ആയിരുന്നു അവന്റെ ചങ്ങാതി വന്നത്.

ആ ചങ്ങാതി ആനായയെ ഓടിച്ചു. അങ്ങനെ ആ നായയെ കണ്ട് പേടിച്ച് നിന്ന മോനുവും നായയെ ഓടിച്ച ഫാനുവും ഒരുമിച്ച് വീട്ടിലേക്ക് പോയി.വീട്ടിലേക്ക് പേകുമ്പോൾ അവർ രണ്ട പേരും എന്തോ എന്ന് പറഞ്ഞ് അടിയിലായി.അടി ആയപ്പോൾ അവരുടെ വീട്ടുകാരും അതിൽ ഇടപ്പെട്ടു.അങ്ങനെ ആ പ്രശ്നം വലുതായി വീട്ടക്കാർ തമ്മിൽ പരസ്പരം മിണ്ടാതായി.ആ രണ്ട വീട്ടുകാർ തമ്മിൽ കാണാതിരിക്കാൻ അവർ ഒരു വലിയ മതിൽ ഉണ്ടാക്കി.ഇത് കാരണം ഫാനുവിന്റെ വീട്ടിലേക്ക് ഉള്ള വഴി അടഞ്ഞു. അവർ  പോകുന്നത് ഒരു തോട്ടിലൂടെയാണ് . ആ തോട്ടിൽ പാമ്പും മറ്റ് ഇഴജന്തുക്കളും ഉണ്ട് .

അങ്ങനെ കുറേ വർഷങ്ങൾക്കു ശേഷം മോനുവും ഫാനുവും വളർന്നു വലുതായി.അവർക്കു ജോലിയും ആയി. എന്നിട്ടും കുറേ വർഷങ്ങൾക്കു മുമ്പ് കെട്ടിയ ആ മതിൽ ഇപ്പോഴും പോളിച്ചിട്ടില്ല.കാരണം അവർ തമമിലുള്ള ആ പ്രശ്നം ഇപ്പോഴും തീർന്നിട്ടില്ല. ഫാനു ഇപ്പോൾ ഒരു പോലീസ് കമ്മീഷണർ ആണ് .മോനു ഒരു തേപ്പുകാരനും.ഒരു ദിവസം  ഒരു ദിവസം ഫാനുവിന് തീരെ വയ്യാതെ കിടപ്പിലായി. ഫാനുവിനെ കുറച്ച് ദിവസം പുറത്തൊന്നും കാണാതിരുന്നപ്പോൾ മോനുവിന് അവനെന്തെങ്കിലും പറ്റിയിരിക്കുമോ എന്നോർത്ത് സംശയമായി. പിന്നീടാണ് ഫാനു അസുഖം വന്ന് കിടപ്പിലാണെന്ന് മോനു അറിഞ്ഞത്. തൻ്റെ പഴയകാല സുഹൃത്തിനെ ഒന്ന് കാണണമെന്ന് അവന് കലശലായ ആഗ്രഹം തോന്നി. അവൻ പല പ്രാവശ്യം ഫാനുവിൻ്റെ വീട്ടിൽ പോയി നോക്കാൻ കരുതിയെങ്കിലും വീട്ടുകാർ എന്തു പറയുമെന്ന് കരുതി പോയില്ല. പക്ഷെ ദിവസങ്ങൾ കടന്നു പോകുന്തോറും മോനുവിന് ഫാനുവിനെ കാണാൻ കടുത്ത ആഗ്രഹമായി .അവൻ രണ്ടും കല്പിച്ച് ഫാനുവിൻ്റെ വീട്ടിലേയ്ക്ക് കയറിച്ചെന്നു.

വീട്ടുകാർ ആദ്യം എതിർത്തെങ്കിലും അസുഖക്കിടക്കയിലായിരുന്ന ഫാനു പറഞ്ഞതോടെ അവർ നിശബ്ദരായി .മോനുവും ഫാനുവും വളരെ നേരം സംസാരിച്ചു. സന്തോഷത്തോടെ പിരിഞ്ഞു. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഫാനുവിൻ്റെ അസുഖം ഭേദമായി.അവർ വീണ്ടും പഴയതുപോലെ സുഹൃത്തുക്കളായി.ആ വീട്ടുകാർക്കിടയിലുണ്ടായിരുന്ന മതിൽ അവർ തന്നെ പൊളിച്ചു കളഞ്ഞു



# പ്രളയ ദുരിതം

എൻ്റെ ജീവിതത്തിൽ നടന്ന ഒരു ചെറിയ സംഭവമാണിത്.
2018ൽ നടന്ന ഒരു വലിയ ദുരന്തമാണിതിൽ പറയുന്നത്.ഇതെഴുതുമ്പോൾ എൻ്റെ മനസ് വേദന കൊണ്ട് അലിഞ്ഞില്ലാതാകുന്നു. മനസിനുള്ളിൽ സങ്കടങ്ങൾ പെരുകുന്നു. പണ്ടത്തെ കാര്യങ്ങൾ മനസിൽ സങ്കടക്കടലായി നിറയുന്നു. പ്രളയം എത്രയോ ആളുകളുടെ സ്വപ്ലങ്ങളാണ് ഒരു ദിവസം കൊണ്ട് ഇല്ലാതാക്കിയത്.!

മഴയെക്കുറിച്ച് പറയാൻ ഒത്തിരിയുണ്ട്. എനിക്ക് മഴ പെയ്യുന്നത് വളരെ ഇഷ്ടമാണ്. പക്ഷേ ഒത്തിരി ആളുകൾക്ക് മഴ ദുരിതം നിറച്ചു.മഴ പെയ്തതു കൊണ്ട് എൻ്റെ ക്രൂട്ടുകാരിക്ക് നഷ്ടപ്പെട്ടത് അവളുടെ കുടുംബമാണ്. അത് അവളുടെ ജീവിതത്തിൽ തീരാനഷ്ടമുണ്ടാക്കി. അതു കൊണ്ടു തന്നെ മഴ ഇപ്പോഴും എനിക്കൊരു വേദനയാണ്.

NIYA M
8B



# അമ്മ

ഞാൻ കണ്ടതിൽ വെച്ച് ഏറ്റവും വലിയ പോരാളി , പറഞ്ഞാലും പറഞ്ഞാലും തീരാത്ത പറയുമ്പോൾ തൊണ്ട ഇടറുന്ന നിഷ്കളങ്കമായ സ്നേഹത്തിന്റ ഉറവിടമായ എന്റെ അമ്മ,പൊന്നമ്മ......



ഒരിക്കൽ പോലും ഇഷ്ടപെട്ട് കൊതി തീരും വരെ എന്തെങ്കിലും കഴിക്കുന്നതും,ഉടുക്കുന്നതും,വറുതെ ഇരിക്കുന്നതും ഞാൻ ഇന്നു വരെ കണ്ടിട്ടില്ല.എങ്ങനെയെങ്കിലും കഷ്ടപെട്ട് ബുദ്ധിമുട്ടി രോഗിയായ ഭർത്തവിനെയും പറക്കമുറ്റാത്ത മൂന്ന കുഞ്ഞുങ്ങളെയും സംരക്ഷിക്കലും അത്യാവിശ്യമായത് വാങ്ങി കൊടുത്ത് ജിവിതം തട്ടി മുട്ടി മുന്നോട്ട് നിക്കുന്ന എന്റെ അമ്മ.അമ്മയ്ക്ക് എത്ര അരോഗ്യപ്രശ്നങ്ങൾ ഉണ്ടെങ്കിലും അതൊന്നും വക വെക്കാതെ തന്റെ ഭർത്താവിനും മക്കൾക്കും വിശക്കും എന്ന് കരുതി അസുഖം വരും എന്നും കരുതിയാണ് അമ്മ ജോലിക്ക് പോകുന്നത്.അരെങ്കിലും ഒന്ന് തുമ്മിയാൽ മതി പിന്നെ ചോദ്യമായി ഉത്തരമായി ആകെ ബഹളമായി.

എന്തൊക്കെയാണെങ്കിലും ജിവിതം എത്ര വലുതായാലും എത്ര സൗഭാഗ്യം നിറഞ്ഞതായാലും എന്റെ മനസിൽ മോഡൽ എന്റെ അമ്മയാണ്.ആ സ്നേഹം, കഷ്ടപാട്, ക്ഷാമജീവിതം എല്ലാം നമ്മുക്ക് വേണ്ടിയാണ് എന്ന് ഓർക്കുമ്പോൾ ,അമ്മയിലാത്ത ഒരു ജിവിതത്തെ പറ്റി അലോചിക്കുമ്പോൾ എന്റെ കണ്ണുകൾ നിറയുന്നു.എല്ലാവരോടും എനിക്ക് പറയാനുളളത് ജിവിതം പാഠമാക്കാനുള്ളതും അതിലെ പോരാളി അമ്മയുമാകണം. എന്റെ അഗ്രഹം എന്റെ ജിവിതകാലം മുഴുവനും എന്റെ അമ്മ എന്റെ കൂടെ വേണം എന്നാണ്.

RISHA P V

# കണ്ടോലെ മാങ്ങ

തെക്കേലെ ജുമീലാന്റെ മാവിന്റെ കഥയാണ്........
നട്ടുകാർക്ക് ജുമീലാന്റെ മാങ്ങയുടെ മേൽ ആണ് കണ്ണ്. നാട്ടിലെ കുട്ടികൾക്ക് മാങ്ങ പറിക്കാൻ തന്നെ നേരം ഒള്ളു. മാവിൻ കുരുവി കൂട്ടുവെച്ചിട്ടുണ്ട്.കുരുവികൾ അവരുടെ മനസിൻ കുട്ടികളെ വെറുക്കുന്നു.കാരണം കുട്ടികൾ എറിയുന്ന കല്ലുകൾ കുരുവിക്കൂട്ടിലെ മുട്ടയുടെ നേർക്ക് ആണ്.മാവിൻ പഴുത്ത് നിറഞ്ഞ മാങ്ങ. ജുമീല താത്ത ആർക്കും കൊടുക്കില്ല.എന്നാൻ ജുമീലക്ക് പല്ലില്ലാത്തതിനാൻ മാങ്ങ കഴിക്കാൻ കയ്യില്ല.അപ്പോള് നാട്ടുക്കാരും തിന്നണ്ടെ.പറമ്പിലെ മാങ്ങയുടെ സ്വാദ് ജുമീലന്റെ ഭർത്താവ് കോയക്കാക്ക് അറിയാം. വയസ്സയതിനാൻ തോട്ടത്തിൻ പൊവാൻ സാധിക്കില്ല. അതിനാൽ പേരക്കുട്ടി മന്ദ കൊണ്ടുകൊടുക്കും.ജുമീലക്ക് പിശുക്ക് ഉണ്ട്.എന്നാലാകട്ടെ നാട്ടുകാർ,കുട്ടീകൾ ഒക്കെ തന്നെ മാങ്ങ തിന്നുന്നത് ജുമീലക്ക്
ഇഷ്ടമില്ല .കോയക്കാക്ക പറയും

ജുമീല കുട്ടികൾ പറക്കട്ടെ ജുമീല. കുട്ടികൾ കല്ലെറിഞ്ഞ് എന്റെ മാവിനെ നാശാകിട്ടുണ്ട്...
അപ്പോഴാണ് മാവ് മുറിക്കാൻ പഞ്ചായത്തിൽ നിന്ന് ആളുകൾ വരുന്നത്.നാട്ടുകാർകും ജുമീലക്കും നിരാശയായി.നാട്ടുകാരും ജുമീലയും ഒരുമിച്ച് പറഞ്ഞു മാവ് അവിടെ നില്ക്കട്ടെ കുറച്ചു കയിഞ്ഞ് മുറിക്കാം.

പിന്നിട് ആളാകെ മാറി. ജുമീല നല്ലൊരു വ്യക്തിയായി. മാവിലാണെങ്കിൽ പക്ഷികളും അണ്ണാരകണ്ണനും ഒച്ച വച്ച് അവിടെത്തന്നെ. നാട്ടിൻപുറം മനോഹരം. മാവ് പൂവിടുന്നത് കണ്ടാൽ തന്നെ നാവിൽ ഉമിനീര് നിറയും. ജുമീലന്റെ കാലശേഷം മന്ദ മാവിനെ നന്നായി പരിഗണിച്ചു. വളം കൊടുത്തു. ഇപ്പൊ തെക്കെ പറമ്പ് , ജുമീലാന്റെ മാവ് പ്രസിദ്ധമാണ്.

SHAMIL
10 D



# കർഷകൻ

ഒട്ടിയ വയറും

കീറിയ കുപ്പായവും

ചെളിപുരണ്ട കൈകളും

കണ്ടപ്പോള് നിങ്ങള് മാറ്റി-

നിർത്തിയില്ലേ...

അവനാണ് നിങ്ങള്ക്ക് വേണ്ടി

മണ്ണിൽ പൊന്നുവിളയിച്ച

കർഷകൻ.....

SIVAPRIYA B MADHAV
8A

# അമ്മയുടെ വാക്ക്

ഒരു നഗരത്തിൽ കിട്ടു എന്ന ഒരാൺകുട്ടി ഉണ്ടായിരുന്നു. അവൻ ഒരിക്കൽ അമ്മയോട് ചോദിച്ചു, "അമ്മേ, ഞാൻ അപ്പുറത്തെ ജ്ഞാനുവിൻ്റെ വീട്ടിൽ കളിക്കാൻ പോവട്ടെ? അമ്മ പറഞ്ഞു: പോയിട്ടു വാ, കളിച്ച ഉടനെ തിരികെ വരണേ.അപ്പോൾ കിട്ടു പറഞ്ഞു, തിരികെ വരാം.അങ്ങനെ ജ്ഞാനുവിൻ്റെ വീട്ടിൽ പോയി കളിച്ചു, രാത്രിയാകും മുൻപ് അവൻ മടങ്ങി വന്നു.അത് കഴിഞ്ഞ് അവൻപഠിക്കാൻ തുടങ്ങി. അപ്പോൾ അമ്മ പറഞ്ഞു, നീ പഠിച്ച് വലിയ എഞ്ചിനീയറാവണം. അതാണ് എൻ്റെ ആഗ്രഹം. അമ്മയുടെ ആഗ്രഹം ഞാൻ എന്തായാലും സാധിപ്പിച്ചു തരും, കിട്ടു പറഞ്ഞു. അങ്ങനെ അവൻ പഠിച്ചു, കളിച്ചു വളർന്നു ഒരു പതിനേഴുകാരനായി മാറി. ഇപ്പോൾ അവൻ പ്ലസ് ടുവിൽ പഠിക്കുന്നു. അവൻ്റെ കൂട്ടുകാരൻ ബൈക്ക് വാങ്ങിയിട്ടുണ്ട്. അവനിത് അമ്മയോട് പറഞ്ഞു. എല്ലാവർക്കും വണ്ടിയുണ്ട്, എനിക്ക് മാത്രം വണ്ടിയില്ല,എനിക്കൊരു വണ്ടി വാങ്ങണം. അച്ഛൻ്റെ കയ്യിൽ പണമില്ല, അതുമല്ല, നിനക്ക് 17 വയസ്സേ ആയിട്ടുള്ളൂ ,അതിനാൽ നിനക്ക് ബൈക്ക് വാങ്ങിത്തരില്ല, അമ്മ പറഞ്ഞു. അതൊന്നും എനിക്ക് പ്രശ്നമില്ല, എനിക്ക് വണ്ടി വാങ്ങണം. അവൻ അമ്മയുടെ കൈയ്യിലുള്ള വള ഊരിയെടുത്ത് പറഞ്ഞു. ഇതു മതി. അമ്മ കുറേ എതിർത്തു .പക്ഷേ അവൻ അതു കേൾക്കാതെ ഇറങ്ങിപ്പോയി. അവൻ വണ്ടി വാങ്ങി.അച്ഛനുമമ്മയും വലിയ ദേഷ്യത്തിലായിരുന്നു. കുറച്ചു ദിവസങ്ങൾ കഴിഞ്ഞു. മകൻ എന്നും വണ്ടിയിൽത്തന്നെയാണ് യാത്ര.ഒരു ദിവസം അമ്മയ്ക്ക് ഒരു കോൾ വന്നു വിവരമറിഞ്ഞ അമ്മബോധംകെട്ടുവീണു. സംഗതിയറിഞ്ഞ അച്ഛനുടനെഹോസ്പിറ്റലിലേയ്ക്ക് പാഞ്ഞു. പക്ഷേ സമയം വൈകിപ്പോയിരുന്നു. അവിടെ എത്തിയപ്പോഴേയ്ക്ക് മകൻ മരിച്ചിരുന്നു. ബൈക്ക് ഒരു ലോറിയുമായി കൂട്ടിയിടിച്ചായിരുന്നു അപകടം. അമ്മ അവന് അവസാനമായി മുത്തം നൽകി.ബോഡി വീട്ടിലെത്തിച്ചു.വീട് മുഴുവൻ അന്നും ഇന്നും ഇരുട്ടാണ്.

# ആലപ്പുഴയിൽ നിന്ന് കന്യകുമാരിയിലേക്ക്

എന്റെ ആദ്യത്തെ യാത്ര ആയിരുന്നു ഇത്. ആദ്യമായി തീവണ്ടി യാത്ര ചെയ്യുന്നതിന്റെ ആകാംക്ഷയും സന്തോഷവും ഒക്കെ എന്നിൽ ഉണ്ടായിരുന്നു. അന്ന് ഒരു ശിവരാത്രി ദിവസമായിരുന്നു. ഞങ്ങൾ മാരാരിക്കുളത്തു നിന്ന് തീവണ്ടിയിൽ തിരുവനന്തപുരത്തേക്ക് പോയി. അവിടെ എത്തിട്ട് കുളിച്ച് ഫ്രഷ് ആയിട്ട് ശ്രി പത്മനാഭ സ്വാമി ക്ഷേത്രത്തിലേക്ക് പുറപ്പെട്ടു.അന്നെനിക്ക് 7വയസ്സ് മാത്രമാണ് ഉള്ളത്. അവിടെ എത്തിയപ്പോൾ മനസ്സിലായി മറ്റു ക്ഷേത്രങ്ങളിൽ കയറുന്ന പോലെ അവിടെ കയറാൻ സാധിക്കില്ല എന്ന്. പാന്റ്,ലെഗ്ഗിൻ, ജീൻസ്, ഒന്നും ധരിച്ച് കയറില്ല. ചെറുപ്പത്തൽ മുതൽ three forth പാന്റ് ഇട്ട് നിന്ന എനിക്ക് അവിടെ ഒരു കുഞ്ഞ് മുണ്ട് വാങ്ങിതന്നു.അതെടുത്ത് മുന്നേട്ട് നടക്കുമ്പോൾ മുണ്ട് ധരിച്ച് തോയടം ആയി നിൽക്കുന്ന ആളുകളെ കണ്ടു. അമ്മ പറഞ്ഞ് തന്നു അത് പോലീസ് ആണ്. ഇവിടുത്തെ സുരക്ഷയ്ക്ക് വേണ്ടിയാണ് .അവിടെ കുറെ നിധി ശേഖരണം ഉണ്ടെന്ന് പറഞ്ഞു. അകത്ത് കയറി മൂസ് അനന്ദശയന വിഗ്രഹം കണ്ടത്. അവിടെ ചുറ്റി നടന്ന് ശിൽപങ്ങളും പരിസരവും ഒക്കെ തിരികെ റൂമിൽ എത്തി. പിറ്റേ ദിവസം പുലർച്ചെ തിരുവനന്തപുരത്ത് നിന്ന് കന്യകുമാരിയിലേക്കുള്ള തീവണ്ടി കയറി. അവിടെ ചെന്നിറങ്ങുമ്പോൾ ആദ്യമായി മറ്റൊരു സംസ്ഥാനത്തേക്ക് പോകുന്നതും,മറ്റൊരു ഭാഷ സംസാരിക്കുന്ന ആളുകളെ കാണുന്നതും ഒക്കെ എന്നിൽ കൗതുകം ഉളവാക്കി. റോഡിന്റെ ഇരുവശങ്ങളിലും വലുതും ചെറുതുമായ കടകൾ, കെട്ടിടങ്ങൾ ഒക്കെ നിറഞ്ഞ് നിൽക്കുന്നു.ഞങ്ങളുടെ പിന്നിലെ ഗൈഡുകൾ വിളിക്കുന്നുണ്ട് ,ചേട്ടൻ അതൊന്നും ശ്രദ്ധിക്കാതെ എന്റെ കയ്യിൽ പിടിച്ച് മുന്നോട്ട് നടന്നു. ഞങ്ങൾ അവിടെ ഒരു റൂം എടുത്ത് റൂമിന്റെ ജനാലയ്ക്ക് അരികിൽ നിന്ന് ഞാൻ നോക്കുമ്പോഴാണ് ആ കാഴ്ച്ച കാണുന്നത്. മനോഹരിത നിറഞ്ഞ ഒരു സുന്ദരിയെപ്പോലെയുള്ള കടൽ. എനിക്ക് അങ്ങോട്ട് പോകാൻ തിടുക്കമായി. വേഗം ഫ്രഷ് ആയി പുറത്തിറങ്ങി. ഒരു ചായ കുടിച്ച് ഞങ്ങൾ കടലിനടുത്തേക്ക് പോയി. അവിടെ വെച്ച് ചേട്ടൻ പറഞ്ഞ് തന്നു മൂന്ന് കടലുകൾ ചേർന്നിടമാണ് ഇവിടം. ഇന്ത്യൻ മഹാ സമുദ്രവും, അറബികടലും, ബംഗാൾ ഉൾകടലും ചേരുന്ന സ്ഥലം . ത്രിവേണി സംഗമം

ആണിക്ക് നല്ല തിരക്കും ആയിരുന്നു. കരിങ്കൽ കൊണ്ടുള്ള ഇരിപ്പിടങ്ങളും, കൽമണ്ഡപങ്ങളും ഒക്കെ കൊണ്ട് ആ കടൽ തീരം വളരെ മനോഹരമാക്കിയരിക്കുന്നു. എടുത്ത് പറയേണ്ടത് ഏറെ യാത്രകാർ വരുന്ന ഒരു സ്ഥലമായിട്ടും മലിനമാകാതെ അവിടം കാണപ്പെടുന്നു. നമ്മുടെ നാട്ടുമായി ഞാൻ അതിപ്പോൾ താരതമ്യം ചെയ്തു പോകുകയാണ്. ഞങ്ങൾ ബോട്ടിൽ കയറാൻ ടിക്കറ്റ് എടുത്ത് കടൽ തിരത്തേക്ക് പോയി. 50 രൂപയാണ് ടിക്കറ്റ് ചാർജ്ജ്. ബോട്ടുമാർഗമാണ് കടലിൽ സ്ഥിചെയ്യുന്ന വിവാകാനന്ദപാറയുൽ പോകാൻ സാധിക്കുക. അങ്ങനെ ബോട്ട് വന്നു ഞങ്ങൾക്ക് ലൈഫ് ജാകറ്റ് ഒക്കെ കിട്ടി. ആദ്യമായിട്ടായിരുന്നു ഞാൻ കടലിൽ ബോട്ട് യാത്ര ചെയ്യുന്നത്. വിവേകാനന്ദപാറയുടെ തൊട്ടടുത്തായി 133 അടി ഉയരത്തിൽ തിരുവള്ളരിന്റെ ഒരു പ്രതിമ കാണം. അങ്ങോട്ട് യാത്ര ചെയ്യാൻ സാധിക്കില്ല എന്ന് അമ്മ പറഞ്ഞു തന്നു. എന്തോ സംരക്ഷണ പ്രശ്നം ഉണ്ടത്രെ. വിവേകാനന്ദന്റെ കാൽപ്പാട് പതിഞ്ഞ സ്ഥലവും, അത് പോലെ കന്യാകുമാരി ദേവി എന്ന സങ്കൽപ്പത്തിലുള്ള പാർവി ദോവിയുടെ ശ്രീകോവിയും ഒക്കെ കണ്ടു. അവിടെ നിന്ന് എനിക്ക് കിട്ടിയ വലിയ ഒരു അറിവുണ്ട്, എന്നും ഞമ്മളോക്കെ പറയും സൂര്യൻ എന്നും കിഴക്ക് ഉദിച്ച് പടിഞ്ഞാർ അസ്തമിക്കുമെന്ന്, എന്നാൽ വിവേകാനന്ദപാറയിൽ ഉദയാസ്തമയ കോമ്പസ് സ്ഥാപിച്ചിട്ടുണ്ട്. ചേട്ടനാച്ഛനാണ് ഞങ്ങളെ അത് കാണിച്ച് തന്നത്. അത് പ്രകാരം 365ദിവസത്തിൽ ഒരിക്കൽ മാത്രമാണ് സൂര്യൻ കൃത്യമായി കിഴക്ക് ഉദിക്കുന്നത് എന്ന് മനസ്സിലായി. ഓരോ യാത്രയും പുതിയ,പുതിയ അറിവുകൾ പകരുന്നവയാണെന്ന് പറയഞ്ഞ്യേകേട്ടത് വളരെ ശരിയാണ്. പല ഭാഷ സംസാരിക്കുന്ന മനുഷ്യർ പല ജീവിധ സാഹചര്യത്തിലൂടെ സഞ്ചരിക്കുന്നവർ,വിവിധയിനം ആഹാരരീതികൾ, പലവിധ വസ്ത്ര ധാരണങ്ങൾ, അങ്ങനെ ഒരുപാട് അറിവുകൾ എനിക്ക് സമ്മാനിച്ച് എന്റെ ആദ്യ യാത്ര....

എനിക്ക് യാത്ര ചെയ്യാൻ എന്നും ഇഷ്ടം. എന്റെ വീട്ടുകാർക്കൊപ്പം മാത്രമാണ് .ഓരോ സ്ഥലത്തും എത്തുമ്പോൾ ആ പ്രദേശത്തെ കുറിച്ച് അവർക്ക് അറിയുന്ന അറിവുകൾ ഞങ്ങൾക്ക് പകർന്ന് നൽകാൻ അവരെന്നും ശ്രദ്ധിച്ചിരുന്നു...

SIVAPRIYA B MADHAV

8A

# വൃക്കയാണെൻ സമ്മാനം

ഒരു ചെറിയ ഗ്രാമത്തിൽ ഒരു ചെറിയ കുടുംബമുണ്ടായിരുന്നു. ആ കുടുംബത്തിൽ 3 അംഗങ്ങളുണ്ടായിരുന്നു.അച്ഛൻ,അമ്മ,ഒരു മക്കനും.ആ വിട്ടില് അമ്മയും മകനും മത്രമേ ഉള്ളു. അച്ഛൻ ജോലിക്കായി വിദേശത്താണ്.അങ്ങനെ അവർ സുഖമായി ജ്ജിവിച്ച് കൊണ്ടിരിക്കിമ്പോൾ അമ്മന്റ പിറന്നാൾ ദിവസം എത്തുന്നു.അങ്ങനെ മകൻ അച്ഛനോട് പറഞ്ഞു.എനിക്ക് സമ്മാനം വേണം.അങ്ങനെ അച്ഛൻ വിദേശത്ത് നിന്ന് നാട്ടിലേക്ക് മകന്റ സമ്മാനവും ആയി എത്തി.വിട്ടിലെത്തിയപ്പോൾ മകന്
ചില രോഗ ലക്ഷണങ്ങൾ കണ്ടു. അവനെ അവർ വേഗം ആശുപത്രിയിൽ എത്തിച്ചു.ഡോക്ടർ പറഞ്ഞു. നിങ്ങളുടെ മകന് വൃക്കക്ക് രോഗമുണ്ട്. വൃക്ക മാറ്റി വെക്കണം.അങ്ങനെ വൃക്ക മാറ്റിവെക്കാൻ സമ്മതിച്ചു.അങ്ങനെ അച്ഛൻ തന്റ മകനെ രക്ഷിക്കാൻ വേണ്ടി അച്ഛന്റെ വൃക്ക മകന് കൊടുത്തു.അച്ഛൻ മകനോട് പറഞ്ഞു വൃക്കയാണെന്റെ സമ്മാനം.

MUHAMMED JALAL

10D



# ശാപത്തിന്റെ മകൾ

ഒരിക്കൽ ഒരു നാട്ടിൽ ഒരു രജ്ഞാവുണ്ടായിരുന്നു.രാജ്ഞാവിന് കുറെ കാലങ്ങൾ ശേഷമാണ് ഒരു കുഞ്ഞുഉണ്ടായത്.അവളുടെ പേര് റോസി എന്നായിരുന്നു.അവൾ ജനിച്ചപ്പോൾ തന്നെ അവളുടെ അമ്മ മരണപ്പെട്ടു.അവളെ കാണാൻ വളരെ സുന്ദരിയും ബുദ്ധിമതിയും ആയിരുന്നു.എന്നാൽ അവളെ വളരെ ഇഷ്ടപ്പെടുന്ന ആളുകൾ മരണപ്പെടും എന്ന് ആളുകൾ വിശസിച്ചു വന്നു. ഇത്യ കാരണം അവളെ ആളുകൾ അകറ്റി നിർത്താൻ തുടങ്ങി.എന്നാൽ അവൾക്ക് പതിനെട്ട് വയസ്സായപ്പോൾ തനിക്ക് ഒരു ശാപം ഉണ്ടെന്ന് അവൾ അറിഞ്ഞു.തൻെ ശാപം മാറാൻ എന്തുചെയ്യണമെന്ന് അവൾ ചിന്തിച്ചു. പിന്നെ തന്റെ രാജ്യത്തെ പേര് കേട്ട പണ്ഡിതരെ വിളിച്ചുവരുത്തി.അവരോട് തന്റെ ശാപത്തെക്കുറിച്ചു എന്തുചെയ്യുമെന്ന് പണ്ഡിതൻമാരോട് ചോദിച്ചു.പണ്ഡിതര് പറഞ്ഞ മറുപടി ഇങ്ങനെയാണ്.റോസിയെ വിവാഹം കഴിക്കാൻ പോകുന്ന ആൾ എഴുമലകൾ താണ്ടി ഒരു പുഴയിൽ മുങ്ങി കുളിക്കണം.എന്നാൽ മത്രമാണ് റോസിയുടെ ശാപം തീരുക എന്നു പറഞ്ഞു.ഈ കാര്യം അറിഞ്ഞ രാജ്ഞാവ് അവളുടെ കല്ലാണം ആലോചിക്കാൻ തുടങ്ങി.എന്നാൽ ഒരാൾക്ക് പോലും ഏഴ് മലകൾ കടക്കാൻ സാധിച്ചില്ല.അങ്ങനെയിരിക്കെ ഒരിക്കൽ തന്റെ അയൽ രാജ്യത്ത് നിന്നും ഒരു രാജകുമാരൻ കല്യാണം കഴിക്കാണം എന്ന് തോന്നി.അവനോട് ഈ ശാപത്തെ കുറിച്ച് പറഞ്ഞു.രാജകുമാരൻ റോസിയുടെ ശാപം മാറാൻ ഏഴുമലകളും കടന്ന് അവിടെയുള്ള പുഴയിൻ കുളിക്കുമെന്ന് പറഞ്ഞു.

രണ്ടു ദിവസങ്ങൾക്കുശേഷം രാജ്ഞാക്യമാരൻ പോവാൻ തിരുമാനിച്ചു. തന്റെ മാതാപിതാക്കളോട് യാത്ര പറഞ്ഞു രാജകുമാരൻ ഇറങ്ങി.രാജകുമാരൻ സാഹസങ്ങൾ കാട്ടി മൂന്നു മലകൾ കടന്നു.നാലാമത്തെ മല കടന്നു കഴിഞ്ഞപ്പോഴാണ് ഒരു കുട്ടിയുടെ ശബ്ദം കേൾക്കുന്നു.രാജ്ഞാകുമാരൻ വേഗം ശബ്ദം കേട്ട ദിശയിലേക്ക് പോയി.അവിടെ രാജ്ഞാക്യമാരൻ കണ്ടത് ആ കുട്ടിയെ രക്ഷിക്കുന്നു.അത് ഒരു മന്ത്രവാദിയുടെ കുഞ്ഞായിരുന്നു.മന്ത്രവാദി തന്റെ കുഞ്ഞിനെ

രക്ഷിച്ചതിന് നന്ദി പറഞ്ഞു. മന്ത്രവാദി താങ്കൾ എങ്ങോട്ടാണ് പോകുന്നത് എന്നു ചോദിച്ചു.രാജകുമാരൻ റോസിയുടെ ശപത്തെക്കുറിച്ചും അതിന് എഴുമലകൾ കടന്ന് ഒരു പുഴയിൽ മുങ്ങികുളികണം എന്നു പറഞ്ഞു. ഇതു കേട്ട മന്ത്രവാദി രജകുമാരൻ ഒരു പൊടി നൽക്കി.ഇത് താങ്കളുടെ ശരീരത്ത് ഇട്ടാൽ താങ്കൾ അദൃശ്യനാവും എന്നു പറഞ്ഞു ആ കുട്ടിയെയും കൊണ്ട് മന്ത്രവാദി അദൃശ്യനായി രാജകുമാരൻ ആ പുഴയുടെ അടുത്തേക്ക് പോയി.രാജകുമാരൻ ആ പുഴയിൽ എത്തികയും മുങ്ങികുളിക്കുകയും.ഇതു കാരണം റോസിയുടെ ശാപം തീർന്നു.രജകുമാരൻ റോസിയെ കല്ല്യാണം കഴിച്ചു സുഖമായി ജിവിച്ചു....

SUVISHNA A,

9C



# THE HIYIYANS

MEXICO യിലെ ഒരുവനപ്രദേശം. അവിടെ പകൽ പോലും ആർക്കും കാല് കുത്താൻ ധൈര്യമില്ല.അവിടെ പോയവർ ഇതുവരെ തിരിച്ചുവന്നിട്ടില്ല എന്തിലേറെ പറയണം ആ കാടിന്റെ അടുത്ത് പോവാൻ പോലും പേടിയാണ് കാരണം അവിടെ ഒരു മരം കൊണ്ട് നിർമിച്ച പഴയ ഒരു വീടുണ്ട്.................

അപ്പോനമുക്ക് കഥയിലേക്ക് കടക്കാം...

4വിദ്യാർത്തികൾ അവരുടെ പഠനത്തിന്റെ ഭാഗമായി ഈ കാട്ടിലേക്ക് വരുന്നു.കാടിനെ പറ്റി ഒരു ഗവേഷണം ചെയ്യാനായാൻ അവർ വരുന്നത്.ആ 4 പേരിൽ 1 പെൺകുട്ടിയും 3 ആൺക്കുട്ടികളുമുണ്ടായിരുന്നു. എലിസബത്ത്,അലക്സ്,വിക്ടർ, റേബർട്ട്,ഇവർ 4പേരുമാണ് ഉള്ളത്.കാട്ടിനു പുറത്തെത്തിയ അവർ കാട്ടിനെ നിരീക്ഷിക്കുന്നു.കാട്ടിൽ മുഴുവൻ പട്ടികളു കുറുനരികളുമാണ്.അലക്സ് പറഞ്ഞു ഒരാഴ്ചയോളം നമ്മുക്ക് ഈ കാട്ടിൻ തങ്ങേണ്ടവരും അതിനു ആവിശ്യമായ വസ്ത്രം ബഹുസാധനങ്ങൾ എല്ലാം കരുതിയിണ്ടുങ്ങദല്ലോ...എല്ലാവരു ം വേണ്ടതയ്യാറെടുപ്പുകളോടെയാ യിരുന്നു വന്നിട്ടുള്ളത്.അങ്ങനെ അവർ കാടിനുള്ളിലേക്ക് കടന്നു.കടന്നതും അവിടെയുള്ള പട്ടികൾ അവരെ നോക്കിക്കുരക്കാൻ തുടങ്ങി.എന്തോ ഒരു സൂചന പോലെ!മറ്റ് 3 പേരു അത് കാര്യ മാക്കിയില്ല...എന്നാൽ എലിസബത്തിന് എന്തോപന്തികേട് തോന്നി.അവളും അവരെപ്പോലെ തനിക്ക് വെറുതെ തോന്നിയതാവും എന്നുകരുതി.അങ്ങനെ അവർ അവരുടെ ജോലി ആരംഭിച്ചു. എലിസബത്ത്

പറഞ്ഞു.നമ്മൾ എപ്പോഴു ഒരുമിച്ചിരിക്കണം.ആരും ഒറ്റക്ക് പോവരുത്.അവരു സമ്മതിച്ചു. അവർ നടന്ന് നടന്ന് കാടിന്റെ നടുനിൽ എത്തി അവിടെ ചെറിയ അരുവി ഒഴുക്കുന്നു.ആ അരുവി വളരേ ഭംഗിയുള്ളതായിരുന്നു. അതിലെ ഇളം നീല നിറത്തിലുള്ള അതിലെ വെള്ളം വളരേ തെളിഞ്ഞതായിരുന്നു.എലിസ ബെത്ത് പറഞ്ഞു.(എലിസബെത്ത് എന്ന് പറയാൻ കുറച്ച് ബുദ്ധിമുട്ടുള്ളത് കൊണ്ട് നമുക്ക് തൽക്കാലം ഒരു പേര് കൊടുക്കാം എലി എന്ന് മറ്റേ എലിയല്ല കേട്ടോ..)ആരും വെള്ളത്തിൽ ഇറങ്ങരുത് എന്ന് എലി പറഞ്ഞു.പക്ഷേ വിക്ലറിന് ക്ഷമയില്ലയിരുന്നു.അവൻ നേരെ ഒറ്റച്ചാട്ടം അത് കണ്ട് മറ്റുള്ളവരുചാടാനിരിക്കെ വിക്ലർ കരയിലേക്ക് ഓടികയറിനോക്കുമ്പൾ അവന്റെ ദേഹം മുഴുവൻ ചോരയായിരുന്നിരു. അന്താളിപ്പോടെ അവർ ഒന്ന് സൂക്ഷിച്ച് നോക്കി ചെറിയ ചെറിയ അട്ടകൾ അവന്റെ ദേഹം മുഴുവൻ കടിച്ചിരിക്കുന്നു. അതിനെ യെല്ലാം സാനിറ്റൈസർ ഉപയോഗിച്ച് കളഞ്ഞ ശേഷം എലി പറഞ്ഞു.അട്കളുടെ ഉമിനീരിൽ ഹെപ്പാരിൻ അടങ്ങിട്ടുണ്ട്.അത് കൊണ്ടാണ് ഒരുപ്പാട് ചോര പോയത്. മുറിവിൽ മരുന്ന് കെട്ടിയ ശേഷം അവർ വീണ്ടും യാത്ര ആരമ്പിച്ചു.കാട് വളരെ വലുതാണ് കാട്ടിലെക്ക് സൂര്യപ്രകാശം വളെരേ കുറച്ച് മാത്രം കടക്കുന്ന ഒരിടത്ത് എത്തി.ചെറിയ ഇരുണ്ടുണ്ട്.എന്നാലും കണാൻ പറ്റും.സമ്മയം 7:45 ആയി.അവർ അവിടെ തന്നെ ടെന്റടിച്ചു.എലി വിറക്കുകൾ കത്തിച്ചു.അലക്സും റോബർട്ടുമ ഭക്ഷണം പാകം ചെയ്യാൻ തുടങ്ങി. പെട്ടന്ന് വികിറ്ററിന് വീടിയോതോൾ വന്നു. വിളിച്ചത്ഹെമോനിയായിരുന്നു.ഹേമോനി വിക്ലറിന്റെ കാമുക്കിയാണ്.വിക്ലർ പറഞ്ഞു എടാഞാനിപ്പംവരാ.റോബർട്ട് പറഞ്ഞു.നടക്കട്ടെ നടക്കട്ടെ എന്തായാലും ഇവിതെ തന്നെ കാണണം ദൂരെപോവരുത് ശരി എന്ന് പറഞ്ഞവൻ പോയി.പക്ഷേ അവൻ സംസാരിനിടയിൽ എല്ലാം

മറന്ന് നടന്നനടന്ന് ഒരു സ്ഥലത്തെത്തി അവിടെ എത്തിയതോടെ ഫോണിലേ റൈഞ്ച് നഷ്ടമായി.ഫോണിൽ പെട്ടന്ന് ഒരു അസഹനിയമായ ദുർഗന്ധം വരാൻ തുടങ്ങി അവൻ നോക്കിയപ്പോൾ അവിടെ ഒരു വിട്ടു കണ്ടു.നമ്മൾ കഥയുടെ തുടകത്തിൽ നമ്മൾ പറഞ്ഞ വീട്.അവൻ ശബ്ദമില്ലതെ അവൻ വീടിനകത്തു കയറി.കയറിതും അവൻ ഞെട്ടിപോയി ധാരാളം മനുഷ്യരെ വെട്ടി കഷ്ണങ്ങളാഇ തുക്കിയിട്ടിരിക്കുന്നും ഒരു പാട് ശവങ്ങൾ നിലത്ത് അഴുകികിടക്കുന്നു.അവൻ വാ പെത്തിപിടിച്ചുകൊണ്ട് നടന്നു.അവിടെ ഒരു സ്ത്രീയുടെ ഫോട്ടോ മനുഷ്യതോലിൽ വരച്ചിരിക്കുന്നു.അവൻ അത് നോക്കിനിൽക്കേ പെട്ടന്നാണ് ഓത്തി തകർത്തുകൊണ്ട് ഒരു കൈ അവന്റെ വയറിലേക്ക് തുളച്ച് കയറിയത്.അവൻ വേദനകൊണ്ട് അലറിവിളിച്ചു.അത് കേട്ട് എലിയും മറ്റ് കൂട്ടുകാരനും നെട്ടി.പുറത്തിറങ്ങി റോബർട്ട് പറഞ്ഞു. അത് വിക്ടറിന്റെ ശബ്ദമാണ് അലക്സ് പറഞ്ഞു നമ്മുക്ക് പോയിനോകാം പെട്ടന്ന് എലിയുടെ തോള്ളിലേക്ക് തുളിയ്യായി എന്തോ ഉറ്റി വിഴുന്നു. നോക്കുമ്പോൾ ചോയ അവൻ കളിലെക്ക് നോക്കി.എല്ലാവരും പേടിച്ചു പോയി കരണ.വിക്ടറിനെ ആരോ അതിക്രൂരമായി കൊന്ന് മരത്തിൽ തുക്കിയിരിക്കുന്നു.അവന്റെ ആര്ക്ക് താഴെ നെട്ടപ്പെട്ടിരുന്നു.കുടൽ മാലകളും വരിയെല്ലും വ്യക്തമായി കാണാമായിരുന്നു റോബർട്ട് പേടിച്ച്കൊണ്ട് പറഞ്ഞു. ഈ കാട്ടിൽ ഒരു പിശാച്ച് ഉണ്ടെന്നും അത് വളരെ ക്രൂരനാണെന്നും പറഞ്ഞു കേട്ടിട്ടുണ്ട്.ഇത് കേട്ട് അലക്സ് ദേഷ്യത്തോടെ പറഞ്ഞു.നീ ഇങ്ങനെത്തെ കാര്യം പറഞ്ഞാൽ ഫ്രണ്ടാണെന്നകാര്യം ഞാനക്ക് മറന്ന് പോകും എടാ...മണ്ടാ... പിശാച്,ഭൂതം,പ്രേതം ഇവയൊന്നും ഭൂമിയിൽ

ഇല്ല...ഇനിവന്നാലും അവർക്ക് നമ്മളെ ഒന്നും ചെയ്യാൻ കഴിയില്ല...(ഈ അലക്സ് ഒരു വെറിപൂണ്ടചെക്കനാണ് അഥാവാ ദേഷ്യക്കാരനും ദൈര്യശാലിയുമാണ്.)അലക്സ് പറഞ്ഞു ഇങ്ങനെയുള്ള സാധനങ്ങൾ ഭൂമിയിൽ ഇല്ല ഇത് വെറും അന്ദവിശ്യാസം മാത്രമാണ് ഈ ചെയ്തത് ഏതോ തന്തയില്ലത്തവന്റെ പണിയാണ്.നമ്മുടെ വിക്ടറിനെ ഈ രൂപത്തിൽ ആക്കിയ അവനെ വറുതെവിടരുത് വരൂ.അങ്ങനെ അവൻ അവരുടെ കൈയ്യിലുള്ള ആയുധങ്ങൾ പുറത്തെടുത്തു അവർ തിരച്ചിൽ ആരംഭിച്ചു.അവരും ആമരവീടിന്റെ അടുത്ത് എത്തി വല്ലത്ത ദുർഗദ്ധം എലിക്ക് തങ്ങളെ ആരോ നിരീക്ഷക്കുന്നത് പോലെ തോന്നി അവർ എല്ലയിടത്തും നോക്കി ആരേയും കാണെന്നില്ല...(ഈ എലിയെ പറ്റിപറയാണെങ്കിൽ ഇവൾക്ക് ഭയങ്കര ബുദ്ധിയും ശ്രദ്ധയുംമാണം എന്ത് സന്ദർഭങ്ങളും കണ്ടറിഞ്ഞ് ബുദ്ധിപരമായി കൈകാര്യം ചെയ്യും.)ഇവർ അകത്തേക്ക് കയറി ചുറ്റിലും മനുഷ്യശരീരങ്ങൾ ആക്കെ ദുർഗദ്ധം ഭിത്തിപൊഞ്ഞു കിടക്കുന്നു.നിറയെ രക്തം പറ്റിയിട്ടുണ്ട് ചുമരിൽളിൽ ഒരു സത്രീയുടെ ഫോട്ടോ മനുഷ്യത്തോലിൽ വരച്ചിരിക്കുന്നു.പെട്ടന്ന് ആരോ ഈ വീട് ലക്ഷ്യമാക്കി നടന്നു വരുന്നതപോലെ അവർക്ക് തോന്നി ആരോവരുന്നുണ്ട്.അലക്സ് തന്റെ അരയിലെ കത്തി എടുത്ത് പുറത്ത് പോവാൻ നോക്കിയെങ്കിലും എലി അത് തടഞ്ഞു.അവളുടെ നിർദേശ പ്രകാരം വിടിന്റെ ഒരു മൂലയിൽ ഒളിച്ചു എന്നിട്ട് പുത്തേക്ക് നോക്കി.ഒരു ഏഴടിയോളംപൊക്കമുളള ഒരു മനുഷ്യൻ ആ വീടിനനേരെ വരുന്നു.അയാൾ വീടിന് അടുത്തെത്തി,ചുററിനും നോക്കി. വീടിൻെറ നാല് മൂലയിലും നോക്കിയ ശേഷം ആ വീട്ടിൽ കയറി

വിളക്കിൻ്റെ പ്രകാശത്തിൽ എലി അയാളുടെ മുഖം കണ്ടു. ഒരു ലോഹം കൊണ്ടു നിർമിച്ച മുഖം മൂടി അണിഞ്ഞ ആ വ്യക്തിയെ കണ്ട് എലി ഞെട്ടിപ്പോയി. മെക്സിക്കോയെ വിറപ്പിച്ച, ആളുകളുടെ പേടിസ്വപ്നമായിരുന്ന ഗ്ലാസ് എന്ന സൈക്കോ കില്ലറായിരുന്നു. അയാൾ മുഖത്തു മുഴുവൻ ഏതോ ലോഹം ഉരുക്കി ഒഴിച്ചിട്ടുണ്ട്.വീട്ടിൽ കയറിയപ്പോൾത്തന്നെ അയാൾക്ക് മനുഷ്യരുടെ മണം കിട്ടി. വീട്ടിനകത്ത് ആരോ ഉണ്ട്... ഗ്ലാസ് ദേഷ്യം കൊണ്ട് അലറാൻ തുടങ്ങി.അവൻ എല്ലാവരേയും കാണുമെന്ന് എലിക്കുറപ്പായി.അവർ 3 പേരും ജനൽ വഴി ചാടി പുറത്തേയ്ക്കോടി. അലക്സ് തൻ്റെ കയ്യിലുള്ള തോക്കെടുത്ത് ഗ്ലാസിന് നേരെ നിന്നു.എലി അവനോട് പറഞ്ഞു, നമ്മൾക്ക് ഒരിക്കലും അവനെ എതിർത്ത് നിൽക്കാനാവില്ല. അപ്പോഴേയ്ക്കും ചുമര് തകർത്തു കൊണ്ട് ഗ്ലാസ് അലക്സിനു നേരെ വന്നു. അവർ 3 പേരും ഗ്ലാസിന് നേരെ വെടിയുതിർത്തു. എത്ര വെടിയേറ്റിട്ടും ആ രൂപം ചാവുന്നില്ല. റോബർട്ട് പറഞ്ഞു, ഇത് മനുഷ്യനല്ല; കാരണം സാധാരണ മനുഷ്യന് 2 വെടിയിൽ ഏറെ പിടിച്ചു നിൽക്കാനാവില്ല.എന്നാൽ ഇത്രയേറെ വെടിയേറ്റിട്ടും അയാൾക്ക് ഒന്നും സംഭവിക്കുന്നില്ല. കാരണം ഗ്ലാസിന് മരണമില്ല .അപ്പോഴേയ്ക്കും ഗ്ലാസ് അലക്സിന് മുന്നിൽ എത്തി. ധൈര്യശാലിയായിരുന്ന അലക്സ് പേടിച്ച് നിക്കറിൽ മുള്ളി.എലിയും റോബർട്ടും നോക്കി നിൽക്കെ അവരുടെ മുന്നിൽ വെച്ച് അലക്സിൻ്റെ തലതന്നെ വെട്ടി 2 കഷ്ണമാക്കുകയാണ് ഗ്ലാസ്.ഇതോടു കൂടി എലിയും റോബർട്ടും ഓടാൻ തുടങ്ങി.ഓട്ടത്തിൽ എലിമരത്തിലിടിച്ച് താഴെ വീണു.റോബർട്ടിൻ്റെ കാലിൽ ഒരു മുൾച്ചെടി കുരുങ്ങി, താഴെ വീണ് ബോധം പോയി. അവരെ 2 പേരേയും എടുത്തു കൊണ്ട് ഗ്ലാസ് ആ വീട്ടിനകത്തേയ്ക്ക് പോയി. ബോധം വന്നപ്പോൾ റോബർട്ട് ഒരു കസേരയിലാണ്. തൻ്റെ വായ അടയ്ക്കാനാവുന്നില്ല എന്നവൻ തിരിച്ചറിഞ്ഞു. വായകമ്പി കൊണ്ട് കെട്ടിയിരിക്കുന്നു. അവൻ്റെ മുന്നിൽ ഒരു വലിയ പാത്രത്തിൽ

ഉരുകിയ ഇരുമ്പ് തിളച്ചു മറിഞ്ഞു കൊണ്ടിരിക്കുന്നു. അവൻ്റെ അരികിൽ നിൽക്കുന്ന എലിയുടെ കാലുകൾ കെട്ടിയിട്ടുണ്ട്. അവൻ്റെ മുന്നിലേയ്ക്ക് ഗ്ലാസ് വന്നു.തിളച്ചു മറിയുന്ന ഇരുമ്പ് ലാവ റോബർട്ടിൻ്റെ വായിലേയ്ക്ക് ഒഴിച്ചു. ഹോ! അവനും വെന്ത് പിടഞ്ഞു പിടഞ്ഞു മരിച്ചു. അപ്പോഴേയ്ക്കും എലിതൻ്റെ കാലിലെ കെട്ട് കുപ്പിച്ചില്ല് കൊണ്ട് അഴിച്ചെടുത്തു. എന്നാൽ എന്താണെന്നറിയില്ല, ഗ്ലാസ് അവളെ ഒന്നും ചെയ്യാതെ തിരിഞ്ഞു നടന്നു.ജീവൻ തിരിച്ചുകിട്ടിയ അവൾ ഓടി കാടിനു പുറത്തു കടന്നു.റോഡിലൂടെ വന്ന ഒരു ട്രക്കിന് കൈകാണിച്ച് നിർത്തി അതിൽ കയറി രക്ഷപ്പെട്ടു. സിറ്റിയിൽ എത്തിയപ്പോൾ ഇക്കാര്യം തൻ്റെ സുഹൃത്തായ ഹെമേ നിയോട് പറഞ്ഞു. ഹെമേനിയെ നമ്മൾ നേരത്തെ കണ്ടല്ലോ,വിക്ടറിൻ്റ കാമുകി. മാത്രമല്ല, മരിച്ച എല്ലാവരുമായും അവൾ നല്ല കൂട്ടുമായിരുന്നു. തൻ്റെ 3 സുഹൃത്തുക്കളും മരിച്ചു എന്നറിഞ്ഞ അവൾ ഗ്ലാസിനെക്കുറിച്ച് കൂടുതലറിയാൻ എലിയോടൊപ്പം ഒരു വൃദ്ധൻ്റെ വീട്ടിലെത്തുന്നു.ഇയാളുടെ പേരാണ് കാസർ.കാസറിനെ എല്ലാവരും പ്രാന്തൻ എന്നാണ് വിളിക്കുന്നത്. ഇയാളുമൊരിക്കൽ ഈ കാട്ടിൽ പോയിരുന്നു. എന്തോ ഭാഗ്യത്തിന് ഗ്ലാസിൻ്റ കയ്യിൽ നിന്ന് രക്ഷപ്പെട്ടതാണ്.എലിയും ഹെമേനിയും അയാളുടെ വീട്ടുമുറ്റത്ത് കാലെടുത്തു വെച്ചതും കാസർ തോക്കെടുത്ത് അവരെ ഉന്നം വെച്ചു. ഹെമേനി പറഞ്ഞു, അപ്പൂപ്പാ, ഇത് ഞാനാണ്, ഹെമേനി. അയാൾ അവരോട് അകത്തേയ്ക്ക് വരാൻപറഞ്ഞു.അപ്പൂപ്പൻ ചോദിച്ചു, നീ ആകാട്ടിൽ പോയിരുന്നു അല്ലേ?ഹെമേനി പറഞ്ഞു;എൻ്റെ 3ഫ്രണ്ട്സിനെ അവൻ കൊന്നുകളഞ്ഞു. ആരാണവൻ? എന്തിനാണവൻ ഇങ്ങനെ ചെയ്യുന്നത്? അപ്പൂപ്പൻ പറഞ്ഞു തുടങ്ങി.ഗ്ലാസ്, അവൻ 27 വയസ്സുള്ള ഒരു പയ്യനാണ്. അവന് അച്ഛനില്ല ,അമ്മയും ഒരു സഹോദരിയും മാത്രമാണ് ഉള്ളത്. അവർ ആ കാട്ടിലായിരുന്നു താമസിച്ചിരുന്നത്.കാരണം ഗ്ലാസ് ഒരു വിരൂപനായിരുന്നു.എല്ലാ കുട്ടികളും അവനെ കളിയാക്കുമായിരുന്നു. അവൻ്റെ

നാട്ടുകാർ അവനൊരു ശാപമാണെന്നു പറഞ്ഞ് അവനേയും അമ്മയേയും അനിയത്തിയേയും നാടുകടത്തിയതാണ്.അങ്ങനെ അവർ ആ കാട്ടിൽ മരം കൊണ്ടു വീട്നിർമിച്ച് താമസിച്ചുവരികയായിരുന്നു. ഒരിക്കൽ സിറ്റിയിൽ നിന്ന് കുറെ ആളുകൾ ആ കാട്ടിലേയ്ക്ക് പിക്നിക്കിന് വരികയും അവർ ഗ്ലാസിൻ്റെ അമ്മയേയും സഹോദരിയേയും കാണുകയും അമ്മയെ കൊന്നുകളയുകയും ചെയ്തു. അവൻ്റെ അനിയത്തി കാട്ടിൽ നിന്നും ഓടി രക്ഷപ്പെട്ടു. രക്ഷപ്പെട്ട അവൾ സിറ്റിയിൽ പോയെന്ന് പറയുന്നു. തൻ്റെ അമ്മയെ കൊല്ലുന്നത് ചെറിയ കുട്ടിയായ ഗ്ലാസ് കാണുന്നുണ്ടായിരുന്നു. പിന്നീട് അവൻ ഒരു സൈക്കോ ആയി മാറുകയും മരണമുണ്ടാവില്ല എന്ന വരം നേടുകയും ചെയ്തു. സിറ്റിയിൽ നിന്ന് ആരു വന്നാലും ഗ്ലാസ് അവരെ വെറുതെ വിട്ടില്ല. ഗ്ലാസ് ഒരു Hiryans കുടുംബത്തിൽപ്പെട്ടവനാണെന്നു പറഞ്ഞു കേട്ടിട്ടുണ്ട്. ഇത്ര മാത്രമേ എനിക്കും അറിയൂ.ഹെമേനി ചോദിച്ചു, അവനിപ്പോ എത്ര വയസായിക്കാണും?27 തന്നെ. അപ്പൂപ്പൻ പറഞ്ഞു. അയാളെ നശിപ്പിക്കാൻ ഒരു വഴിയുമില്ലേ? ഹെമേനി ചോദിച്ചു. അപ്പൂപ്പൻ പറഞ്ഞു, എനിക്കറിയില്ല.2 മാസം മുമ്പ് നടന്ന സംഭവം ആലോചിക്കുമ്പോൾ എനിക്ക് ഇപ്പോഴും പേടിയാവും. എലിയും ഹെമേനിയും മുത്തശ്ശൻ്റെ വീട്ടിൽ നിന്ന് ഇറങ്ങി നടക്കാൻ ആരംഭിച്ചു. നടത്തത്തിൽ ഹെമേനി പറഞ്ഞു; അതിനെ നശിപ്പിക്കണം, നമുക്ക് ആ കാട്ടിൽ പോകണം. അവർ തങ്ങളുടെ എല്ലാ കൂട്ടുകാരേയും കൂട്ടി. 7 പേർ ഉണ്ട് (അലീറ്റ, നൊമോസോമി, എറിട്ട ,സോം, ആൻറണി, അലിയ, ഇശ ) ഇവരെല്ലാം കൂടി കാട്ടിലേയ്ക്ക് പോയി.പോകുന്ന വഴിയിൽ വെച്ച് ഹെമോനി അപ്പൂപ്പൻ പറഞ്ഞ എല്ലാ കാര്യങ്ങളും അവരോട് പറഞ്ഞു. അവൻ ഒരു Hiryans കുടുംബത്തിൽപ്പെട്ടവനാണെന്നും അവന് മരണമില്ല എന്നും നമ്മൾ വളരെയധികം ശ്രദ്ധിക്കണം എന്നും പറയുന്നു. മുന്നിൽ നടക്കുന്നത് ഹെമോനിയും എലിയുമാണ്.പെട്ടെന്ന്

എലിയുടെ പോക്കറ്റിൽ നിന്ന് അവളുടെ ഐ ഡി കാർഡ് താഴെ വീഴുന്നു.ആൻറണി അത് എടുത്തു നോക്കി. പെട്ടെന്ന് അവൻ ഞെട്ടിവിറച്ചു. അവൻ ഒന്നും മിണ്ടിയില്ല.അവർ മുന്നോട്ട് നടന്നു. ആ ഇരുണ്ട സ്ഥലത്ത് എത്തി. വിക്ടറിൻ്റെ മൃതദേഹം കണ്ടു. ഹെമോനിക്ക് ദേഷ്യമടക്കാനായില്ല. അവരെല്ലാവരും മുന്നോട്ട് നടന്നു. ആ ദുർഗന്ധം വമിക്കുന്ന വീടിനടുത്തെത്തി.അവർ കയ്യിലുള്ള മുഴുവൻ ആയുധങ്ങളും പുറത്തെടുത്തു. പെട്ടെന്ന് മരത്തിന് മുകളിൽ നിന്ന് ഗ്ലാസ് ചാടിവന്നു.അവർ വെടിവെച്ചെങ്കിലും അവൻ അവരെയെല്ലാം അടിച്ചവശരാക്കി കെട്ടിയിട്ടു. എലിബാഗിൽ നിന്നും ഗ്രനേഡ് എടുത്ത് അവൻ്റെ മുന്നിൽ വന്നു നിന്നു. ഹെമോനി പറഞ്ഞു, വേഗം അതിന് നേരെ എറിയ്.എന്നാൽ എലി അത് സാമിനും ആൻറണിക്കും നേരെ എറിഞ്ഞു. എല്ലാവരും അന്തം വിട്ട് നിന്നു പോയി. ഇവിടെയാണ് കഥ തിരിയുന്നത്.നേരത്തെ ആൻ്റണി എലിയുടെ ഐഡി കാർഡ് കണ്ട് ഞെട്ടിവിറച്ചില്ലേ? അത് മറ്റൊന്നും കൊണ്ടായിരുന്നില്ല. എലിസബത്തും Hiriyans കുടുംബത്തിൽപ്പെട്ടവളായിരുന്നു. പെട്ടെന്ന് എലിസബത്തിൻ്റെ, അഥവാ എലിയുടെ മുഖത്ത് ഒരു പൈശാചികചിരി വിടർന്നു. ഈ ഗ്ലാസ് മറ്റാരുമല്ല, എലിസബത്തിൻ്റെ സഹോദരൻ തന്നെയാണ്. എലിസബത്തിൻ്റെ അമ്മയെ കൊന്നത് ഹെമോനിയുടേയും അലീറ്റയുടേയും മാതാപിതാക്കളാണ്.എലിസബത്ത് മന:പൂർവ്വം ഇവരെ ആ മരവീട്ടിലേയ്ക്ക് കൊണ്ടുവരികയായിരുന്നു. ഹെമോനി കെട്ട് അഴിച്ച് ഒരു കത്തിയുമായി ഗ്ലാസിൻ്റെ പുറത്തു കയറി തുരുതുരെ കുത്താൻ തുടങ്ങി. പക്ഷേ വേദന എന്താണെന്നറിയാത്ത ഗ്ലാസ് അവളെ എടുത്തെറിഞ്ഞു. അവൾ എഴുന്നേറ്റതും പുറകിൽ നിന്ന് ആരോ കുത്തി. തിരിഞ്ഞു നോക്കിയപ്പോൾ എലിസബത്തായിരുന്നു. ദേഷ്യം കൊണ്ട് ഹെമോനി ആ കത്തി തട്ടിപ്പറിച്ചെടുത്ത് അവളുടെ കഴുത്ത് അറുത്തു കളഞ്ഞു. ഇതു കണ്ട ഗ്ലാസിന് സമനില തെറ്റി. അവൻ കത്തിയെടുത്ത് അവളെ

തുരുതുരെ വെട്ടാൻ തുടങ്ങി.ഏറെ പ്രയാസപ്പെട്ട് ഹെമോനി മരംകൊണ്ട് നിർമിച്ച ആവീട്ടിൽ കയറി. ഇവനെ ആയുധം കൊണ്ട് കൊല്ലാൻ കഴിയില്ല. എന്നിട്ട് അവൾ ഭിത്തിയിലെ ആ മനുഷ്യത്തോലുകൊണ്ടു നിർമിച്ച സ്ത്രീയുടെ ചിത്രത്തിന് തീവെച്ചു.ഇതോടെ ഗ്ലാസിൻ്റെ ശക്തി ക്ഷയിക്കാൻ തുടങ്ങി.സ്ത്രീയുടെ ചിത്രം മുഴുവൻ കത്തിത്തീർന്നപ്പോഴേയ്ക്കും ഗ്ലാസ് അസ്ഥികൂടമായി മാറി,നശിച്ചുപോയി.ഗ്ലാസിൻ്റെ ആക്രമണത്തിൽ നിന്ന് രക്ഷപ്പെട്ടത് ഹെമോനിയും ഇശയുമായിരുന്നു.അവർ സിറ്റിയിൽ എത്തി.

പിന്നെ ഒരാഴ്ചയ്ക്കുശേഷം ആകാടിനെയാണ് കാണിക്കുന്നത്. എലിസബത്തിൻ്റെ വെട്ടപ്പെട്ടതല കണ്ണു തുറക്കുന്നു. അവളുടെ ശരീരം താനെ എഴുന്നേറ്റ് തല എടുത്ത് ഉടലിൽ വെയ്ക്കുന്നു! ഇതോടെ കഥ അവസാനിക്കുന്നു .

# EDITOTIAL BOARD

MUHAMMED SIHAN

MUHAMMED SHAHABAS

DINU HASHIM

ANANYA A K

MITHRA DAS

ARDRA A